**പതിനാലാം കേരള നിയമസഭ**
**ഒന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 249 18/07/2016 -ൽ മറുപടിയ്ക്ക്

## രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ

**ചോദ്യം**

ശ്രീ. കെ. ബാബു
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. എം. സ്വരാജ്
ശ്രീ. എ.എൻ. ഷംസീർ

എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ (ആർ. എം. എസ്. എ) ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ ;

**മറുപടി**

പ്രൊഫ.സി. രവീന്ദ്രനാഥ്
വിദ്യാഭ്യാസ വകുപ്പ് മന്ത്രി

എ) രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാന്റെ (ആർ.എം.എസ്.എ) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ഗുണനിലവാരമുള്ള സെക്കന്ററി വിദ്യാഭ്യാസം എല്ലാവരിലും എത്തിയ്ക്കുക.
2. സെക്കന്ററി തലത്തിലെ വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സംവിധാനങ്ങൾ വിദ്യാലയത്തിലൊരുക്കുക.
3. ലിംഗപരവും സാമൂഹ്യവും സാമ്പത്തികപരവുമായ എല്ലാവിധതടസ്സങ്ങളും നീക്കി എല്ലാവർക്കും ഗുണമേന്മയുള്ള വിദ്യാഭ്യാസം നൽകുക.
4. ശാരീരിക മാനസിക വൈകല്യമുള്ളവർക്കും വിദ്യാലയത്തിൽ

തടസ്സരഹിത അന്തരീക്ഷം ഒരുക്കുക.

| | | |
|---|---|---|
| ബി) | ഈ കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാനത്ത് നടന്നു വരുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിനായി ലഭിച്ച തുക എത്രയെന്നും അറിയിക്കാമോ; | ബി) 2009-10 വർഷം മുതലാണ് ആർ.എം.എസ്.എ പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നത്. ഈ പദ്ധതിയിൻ കീഴിൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെടുന്ന സ്കൂളുകളിൽ കെട്ടിടനിർമ്മാണം ഉൾപ്പെടെയുള്ള അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കുന്നതിന് നോൺ റെക്കറിങ് ഇനത്തിലും അദ്ധ്യാപകരുടെ ശമ്പളം, അദ്ധ്യാപകപരിശീലനം, സ്കൂൾ ഗ്രാന്റ്, സ്വയം പ്രതിരോധ പരിശീലനം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി റെക്കറിങ് ഇനത്തിലും ഫണ്ട് ചെലവാക്കുന്നുണ്ട്.<br>2009-10 സാമ്പത്തിക വർഷം മുതൽ ഈ പദ്ധതിയിൻ കീഴിൽ സംസ്ഥാനത്ത് നടത്തി വന്ന വിവിധ പ്രവർത്തനങ്ങൾക്കായി ലഭിച്ച തുകയുടെയും 2016 - 17 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികളുടേയും വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട് |
| സി) | ഈ പദ്ധതി പ്രകാരം ലഭിക്കുന്ന ഫണ്ടിന്റെ വിനിയോഗം, സെക്കണ്ടറി തലത്തിലെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യവും അക്കാദമിക നിലവാരവും വർദ്ധിപ്പിച്ച് പൊതു വിദ്യാഭ്യാസ രംഗത്തെ | സി) 56 സ്കൂളുകളുടെ കെട്ടിട നിർമ്മാണം ആരംഭിച്ചതിൽ, 28 എണ്ണം പൂർത്തീകരിക്കുകയും 28 എണ്ണം പണി പുരോഗമിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. കൂടാതെ 946 സർക്കാർ |

പരിപോഷിപ്പിക്കുന്നതിന് എത്ര മാത്രം വിജയിച്ചുവെന്ന് വിലയിരുത്തി യിട്ടുണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; ഈ രംഗത്ത് ഏതു തരത്തിലുള്ള ഗുണപരമായ മാറ്റം കൊണ്ടു വരുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സ്കൂളുകളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തു ന്നതിന് ഈ വർഷം തന്നെ പണി ആരംഭിക്കുന്നതാണ്. കൂടാതെ വർഷം തോറും 50,000/- രൂപ സ്കൂൾ ഗ്രാന്റായി എല്ലാ സർക്കാർ സ്കൂളുകൾക്കും നൽകി വരുന്നു. അക്കാദമിക നിലവാരം മെച്ചപ്പെടുത്തുന്നതിന് വർഷം തോറും എല്ലാ അദ്ധ്യാപകർക്കും 10 ദിവസത്തെ ഇൻസർവീസ് ട്രെയിനിംഗ് നൽകുന്നു. സ്കൂളുകളിലെ പ്രഥമാദ്ധ്യാപകർക്ക് 16 ദിവസത്തെ ലീഡർഷിപ്പ് ട്രെയിനിംഗ് നൽകുന്നു.

ആർ.എം.എസ്.എ പ്രകാരം അപ്ഗ്രേഡ് ചെയ്ത 111 സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം നൽകി വരുന്നു. പഠന പിന്നോക്കാവസ്ഥയുള്ള കുട്ടി കളുടെ പഠനനിലവാരം ഉയർത്തുന്നതിന് പരിഹാര ബോധനം ആർ.എം.എസ്.എ മുഖേന ഈ വർഷം നൽകുന്നു. ഇത്തരം പ്രവർത്തനങ്ങളിലൂടെ സ്കൂളുകളുടെ പശ്ചാത്തല സൗകര്യവും അക്കാദമിക നിലവാരവും ഉയർത്താൻ സാധിച്ചിട്ടുണ്ട്. പെൺകുട്ടി കളുടെ ശാരീരികക്ഷമത ഉറപ്പു വരുത്തുന്നതിന് എല്ലാ സർക്കാർ സ്കൂളുകളിലും 3 മാസത്തെ സ്വയം പ്രതിരോധ പരിശീലനം നൽകിവരുന്നു. സർക്കാർ വിദ്യാലയങ്ങളിലെ ഹൈസ്കൂൾ

കുട്ടികൾക്ക് സംസ്ഥാനത്തിനുള്ളിലും പുറത്തും പഠന യാത്രകൾ ആർ.എം.എസ്.എ യുടെ നേതൃത്വത്തിൽ ഈ വർഷം സംഘടിപ്പിക്കുന്നു. എല്ലാ സർക്കാർ ഹൈസ്കൂളുകൾക്കും മാത്സ് കിറ്റ്, സ്പോർട്സ് കിറ്റ് എന്നിവയ്ക്കുള്ള അംഗീകാരം ലഭിച്ചി ട്ടുണ്ട്. ആർ.എം.എസ്.എ പദ്ധതിയിലൂടെ പ്രഥമാദ്ധ്യാപകർക്കും അദ്ധ്യാപകർ ക്കും വിദഗ്ദ്ധപരിശീല നം നല്കുകയും സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ കുട്ടികളിൽ സമഗ്രമായവികസനം കൊണ്ടു വരാനാണ് ഉദ്ദേശിക്കുന്നത്.

**സെക്ഷൻ ആഫീസർ**

അനുബന്ധം

| വർഷം | കേന്ദ്രത്തിൽ നിന്നും ലഭിച്ച തുക (ലക്ഷത്തിൽ) | | | സംസ്ഥാനത്തിൽ നിന്നും ലഭിച്ച തുക (ലക്ഷത്തിൽ) | | | ആകെ ലഭിച്ച തുക (ലക്ഷത്തിൽ) | | |
|---|---|---|---|---|---|---|---|---|---|
| | നോൺ റെക്കറിങ്ങ് | റെക്കറിങ്ങ് | ആകെ തുക | നോൺ റെക്കറിങ്ങ് | റെക്കറിങ്ങ് | ആകെ തുക | നോൺ റെക്കറിങ്ങ് | റെക്കറിങ്ങ് | ആകെ തുക |
| 2009-10 | 663.66 | 370 | 1033.66 | 0 | 169.67 | 169.67 | 663.66 | 539.67 | 1203.33 |
| 2010-11 | 929 | 584 | 1513 | 0 | 678.6 | 678.6 | 929 | 1262.6 | 2191.6 |
| 2011-12 | 0 | 1909 | 1909 | 0 | 636 | 636 | 0 | 2545 | 2545 |
| 2012-13 | 0 | 1527 | 1527 | 1507.1 | 1492.9 | 3000 | 1507.1 | 3019.9 | 4527 |
| 2013-14 | 0 | 1719 | 1719 | 0 | 0 | 0 | 0 | 1719 | 1719 |
| 2014-15 | 943.4 | 1501.87 | 2445.27 | 0 | 0 | 0 | 943.4 | 1501.87 | 2445.27 |
| 2015-16 | 6847.6 | 2371.51 | 9219.08 | 0 | 1918.1 | 1818.1 | 6847.6 | 4289.61 | 11137.2 |
| ആകെ | 9383.7 | 9982.4 | 19366 | 1507.1 | 4895.3 | 6402.4 | 10890.8 | 14878 | 25768 |

## 2016-17 സാമ്പത്തിക വർഷം നടപ്പാക്കുന്ന പദ്ധതികൾ

1. ആർ.എം.എസ്.എ സ്കൂളിലെ അദ്ധ്യാപകരുടെ ശമ്പളം -2466.40 ലക്ഷം രൂപ
2. 1227 സർക്കാർ സെക്കന്ററി സ്കൂളുകൾക്ക് സ്കൂൾ ഗ്രാന്റായി 50,000/- രൂപ -ആകെ 613.5 ലക്ഷം രൂപ
3. സ്കൂൾ മാനേജ്മെന്റ് ആന്റ് ഡെവലപ്മെന്റ് കമ്മിറ്റി (എസ്.എം.ഡി.സി.)- 21.01 ലക്ഷം രൂപ
4. അദ്ധ്യാപകപരിശീലനം - 975.765 ലക്ഷം രൂപ
5. പ്രഥമാദ്ധ്യാപകർക്കുള്ള നേതൃത്വപരിശീലനം-24 ലക്ഷം രൂപ
6. റേഡിയോ പരിപാടികൾ - 10 ലക്ഷം രൂപ
7. യോഗ പരിശീലനം - 12.41 ലക്ഷം രൂപ
8. ആരോഗ്യ വിദ്യാഭ്യാസവും ജീവിതനൈപുണികളുടെ വികസനവും- 15.20 ലക്ഷം രൂപ
9. പഠനയാത്രകൾ - 40 ലക്ഷം രൂപ
10. പരിഹാരബോധനം -156.02 ലക്ഷം രൂപ
11. കായികം, ഗണിതം, ശാസ്ത്ര പഠന കിറ്റുകൾ - 347.24 ലക്ഷം രൂപ
12. ശാസ്ത്രമേള, പുസ്തകമേള - 14 ലക്ഷം
13. പെൺകുട്ടികൾക്കുള്ള വ്യക്തിത്വവികസന ക്യാമ്പുകൾ-14 ലക്ഷം രൂപ
14. കലാ ഉത്സവ് - 11 ലക്ഷം രൂപ
15. ശാലാ ദർപ്പൻ - 14 ലക്ഷം രൂപ
16. പെൺകുട്ടികൾക്ക് സ്വയം പ്രതിരോധപരിശീലനം - 107.01 ലക്ഷം രൂപ
17. വിവര വിനിമയ സാങ്കേതികവിദ്യ (ഐ.സി.റ്റി @ സ്കൂൾ) - 550.40 ലക്ഷം രൂപ
18. ഗേൾസ് ഹോസ്റ്റൽ - 255.11 ലക്ഷം രൂപ
19. ഐ.ഇ.ഡി.എസ്.എസ്. പദ്ധതി - 3251.89 ലക്ഷം രൂപ
20. എം.എം.ഇ.ആർ (മാനേജ്മെന്റ് കോസ്റ്റ്) - 355 ലക്ഷം രൂപ
21. സിവിൽവർക്ക് - സ്പിൽ ഓവർ (218 കോടി രൂപ)

സെക്ഷൻ ഓഫീസർ